


PG
331.2573

പി.ഗോവിന്ദപ്പിള്ള
സി.ഭാസ്കരൻ

മെയ്ദിനം

7839



മെയ്ദിനം

maydhinam • *p govindapilla c bhaskaran* • *first published april, 1993* • *published by chintha publishers, thiruvananthapuram* • *distributed by deshabhimani book house, thiruvananthapuram* • *printed at eskay colour printers, thiruvanantha puram-1*

cover: bhattathiri *price: rupees two paise fifty*

വിതരണം :
ദേശാഭിമാനി ബുക്ക് ഹൗസ്
H O: തിരുവനന്തപുരം 695 001
ബ്രാഞ്ചുകൾ: തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

Co 521/925

മെയ്ദിനം

7839

പി ഗോവിനപ്പിള്ള
സി ഭാസ്കരൻ

ചിന്ത പബ്ളിഷേഴ്സ്
തിരുവനന്തപുരം-695 001
വില: 2.50 രൂപ

PG
331.2573

ഉള്ളടക്കം

I മെയ്ദിനം ചരിത്രം 5

II മെയ്ദിനം ഇന്ത്യയിൽ 16

സി ഭാസ്കരൻ

മെയ്ദിന ചരിത്രം

പി ഗോവിന്ദപ്പിള്ള

19–ാം നൂറ്റാണ്ടിന്റെ അവസാനപാദം ലോകമുതലാളിത്തത്തിന്റെ ചരിത്രത്തിൽ അതിപ്രാധാന്യമർഹിക്കുന്ന ഒരു ഘട്ടമാണ്. ഈ കാലഘട്ടത്തിലാണ് മുതലാളിത്തം അതിന്റെ സ്വതന്ത്ര വ്യാപാരദശ പിന്നിട്ട് കുത്തകമുതലാളിത്തമായി വളർന്നതും മൂലധന കയറ്റുമതിയോടു കൂടിയ സാമ്രാജ്യത്വമായി വ്യാപിച്ചതും. ആ ഘട്ടത്തിൽ ലോകം മുഴുവനും ഒരു പിടി പടിഞ്ഞാറൻ സാമ്രാജ്യത്വരാഷ്ട്രങ്ങൾ പങ്കിട്ടെടുത്ത് ആധിപത്യം ചെലുത്താൻ തുടങ്ങി. ഏഷ്യയും മറ്റും കുറെ മുൻപു തന്നെ പങ്കിട്ട് തീർന്നിരുന്നെങ്കിലും ആഫ്രിക്ക തുടങ്ങിയ ചില മേഖലകളിൽ സാമ്രാജ്യവാദികൾ പൂർണമായി വ്യാപിച്ച് കഴിഞ്ഞിരുന്നില്ല. 19–ാം നൂറ്റാണ്ടിന്റെ ഈ അന്ത്യപാദത്തിൽ ഈ പങ്കിടൽ പ്രക്രിയ പൂർത്തീകരിക്കാനായി പടിഞ്ഞാറൻമാർ ആഫ്രിക്കയിൽ ആർത്തിപിടിച്ച് നടത്തിയ കൈയേറ്റങ്ങളും പരസ്പരയുദ്ധങ്ങളും കുപ്രസിദ്ധങ്ങളാണ്.

അങ്ങനെ ബാഹ്യമായി നിരീക്ഷിച്ചാൽ പടിഞ്ഞാറൻ സാമ്രാജ്യവാദികളുടെയും അവർ പ്രതിനിധീഭവിച്ച ജീവിതരീതിയുടെയും 'സംസ്കാര'ത്തിന്റെയും ജൈത്രയാത്രയുടെ ഉച്ചകോടിയായിരുന്നു ആ ഘട്ടം. മേലിലും തങ്ങളുടെ സാമൂഹ്യ വ്യവസ്ഥയും ലോകാധിപത്യവും അഭംഗുരമായി തുടരുമെന്ന് സാമ്രാജ്യവാദികൾ അഹങ്കരിച്ചു. അവരുടെ വൈതാളികരായ ചരിത്രകാരൻമാരും ദാർശനികരും

സാഹിത്യകാരൻമാരും ഈ അഹങ്കാരത്തിനൊപ്പിച്ച് ചരിത്രം നിർമിക്കുകയും ദാർശനിക പ്രവചനങ്ങളും നടത്തുകയും സാഹിത്യസൃഷ്ടികളും രൂപം നൽകുകയും ചെയ്തു. 19–ാം നൂറ്റാണ്ടിന്റെ മധ്യവേളയിൽ റോബർട് ഓവൻ തുടങ്ങിയ സാങ്കൽപിക സോഷ്യലിസ്റ്റ് ആചാര്യൻമാരും മാർക്സിനെയും എംഗൽസിനെയും പോലുള്ള ശാസ്ത്രീയ സോഷ്യലിസ്റ്റ് ആചാര്യൻമാരും വിഭാവനം ചെയ്ത മുതലാളിത്ത തകർച്ചയും സോഷ്യലിസ്റ്റ് അരുണോദയവും വെറും ദിവാസ്വപ്നം മാത്രമാണെന്ന് ബൂർഷ്വാ ബുദ്ധിരാക്ഷസൻമാർ ആഹ്ലാദത്തോടെ അടിച്ചുവിട്ടു. ഇപ്പോഴും ചില ബൂർഷ്വാ ബുദ്ധിജീവികളും ആവർത്തന വിരസതയോടെ പറഞ്ഞു കേൾക്കുംപോലെ മാർക്സിസം കാലഹരണപ്പെട്ടുവെന്ന് അന്നും ഉറക്കെ മുഴങ്ങിക്കേട്ടു. ലോകത്തിലെ പ്രഥമ തൊഴിലാളിവർഗ വിപ്ലവമായ 1871–ലെ പാരീസ് കമ്യൂൺ മൂന്ന് മാസത്തെ ഉജ്വലമായ നിലനിൽപിനു ശേഷം അതിക്രൂരമായി അടിച്ചമർത്തപ്പെട്ടതോടെ 'അവസാനത്തെ' സായുധവിപ്ലവത്തിന്റെ കഥയും കഴിഞ്ഞുപോയെന്ന് ആധിപത്യത്തിന്റെ വക്താക്കൾ ആശ്വസിച്ചു. മാർക്സിന്റെയും എംഗൽസിന്റെയും നേതൃത്വത്തിൽ 1864–ൽ രൂപീകരിക്കപ്പെട്ട ഒന്നാം ഇൻറർനാഷണൽ പാരീസ് കമ്യൂണിന്റെ തകർച്ചയെ തുടർന്ന് യൂറോപ്പിലാകെ അരങ്ങേറിയ ഭീകരമായ മുതലാളിത്ത തേർവാഴ്ചയിൽ മിക്കവാറും ഛിന്നഭിന്നമായി. 1872–ൽ അതിന്റെ തലസ്ഥാനം യൂറോപ്പിൽ ഒരിടത്തും തുടരാനാവാതെ ലണ്ടനിൽനിന്നും ന്യൂയോർകിലേക്ക് മാറി. 1876–ൽ അതിന്റെ കേന്ദ്രീകൃത പ്രവർത്തനം നിർബന്ധിതമാവുകയും ചെയ്തു. തൊഴിലാളിവർഗ വിപ്ലവത്തിന്റെയും സോഷ്യലിസത്തിന്റെയും മാർക്സിസത്തിന്റെയും കഥ കഴിഞ്ഞു എന്ന് 'തെളിയിക്കാൻ' ഇനി എന്തു വേണം ?

മുതലാളിത്ത വിജയത്തിന്റെ ഈ ഉച്ചകോടിയിൽ പരാജയത്തിന്റെ വിത്തുകൾ രൂപംകൊള്ളുകയായിരുന്നുവെന്ന വൈരുധ്യാത്മക സത്യം അന്ന് മാർക്സിസ്റ്റുകാർ

ചൂണ്ടിക്കാട്ടിയപ്പോൾ അതവരുടെ വ്യാമോഹമാണെന്ന് പരിഹസിച്ചവർ കുറവല്ല. മാർക്സിസ്റ്റുകാരുടെ ഈ വാദത്തിന്റെ മൗലിക ഘടകങ്ങൾ പിൽകാലത്ത് ലെനിൻ അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ *സാമ്രാജ്യത്വം; മുതലാളിത്തത്തിന്റെ മരണോൻമുഖ ഘട്ടം* എന്ന കൃതിയിൽ വിവരിക്കുകയുണ്ടായി. മുതലാളിത്തത്തിന്റെ അന്തിമ ദശയിൽ അവർ കൈക്കൊണ്ട ഈ പുതിയ രൂപം സാമ്രാജ്യത്വയുദ്ധങ്ങളിലേക്കും സാമ്രാജ്യത്വ തകർച്ചയിലേക്കും അന്തിമമായി സോഷ്യലിസ്റ്റ് വിപ്ലവങ്ങളിലേക്കും ലോകത്തെ നയിക്കും എന്ന് ലെനിൻ ആ കൃതിയിൽ സമർഥിക്കുന്നു. അദ്ദേഹത്തിന്റെ വാദങ്ങളിലേക്ക് ഇവിടെ പ്രവേശിക്കുന്നില്ല. 1914–18 ലെ ഒന്നാം ലോകമഹായുദ്ധവും 1917–ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവവും ലെനിന്റെ വാദങ്ങളെ അനുഭവസാക്ഷ്യപ്പെടുത്തി. അതുപോലെ തന്നെ തുടർന്നുള്ള ലോക ചരിത്രവും.

ഈ പിൽകാല ചരിത്രം മാത്രമല്ല 19–ാം നൂറ്റാണ്ടിന്റെ അവസാനം കുതിച്ചുകയറിയ മുതലാളിത്തത്തിന്റെ ആന്തരവൈരുധ്യങ്ങളും അന്തിമ തകർച്ചയും വിളംബരം ചെയ്തത്. 1871–ലെ പാരീസ് കമ്യൂൺ പരാജയവും അതേതുടർന്ന് വ്യാപകമായി ശക്തിയാർജിച്ച പിന്തിരിപ്പൻ സാഹചര്യങ്ങളും സൃഷ്ടിച്ച നിരാശാതപ്തമായ അന്തരീക്ഷം പ്രത്യാശയുടെ കിരണംകൊണ്ട് പ്രകാശപൂരിതമാകാൻ വളരെക്കാലം വേണ്ടിവന്നില്ല. 1876–ൽ ഇന്റർനാഷണലിന്റെ പ്രവർതനം നിർത്തിവെച്ചതും ആറ് വർഷത്തിനകം കാൾ മാർക്സ് നിര്യാതനായതും സാർവദേശീയ വിപ്ലവ പ്രസ്ഥാനത്തിന് കനത്ത ആഘാതമായിരുന്നെങ്കിലും എൺപതുകളുടെ മധ്യത്തോടുകൂടി തന്നെ ഉയിർതെഴുന്നേൽപിന്റെ ലക്ഷണങ്ങൾ കാണായി. ഫ്രാൻസിലും ജർമനിയിലും അമേരിക്കയിലും മാത്രമല്ല ഇതേവരെ ട്രേഡ് യൂണിയൻ പ്രസ്ഥാനം വേരുപിടിച്ചിട്ടില്ലാത്ത ആസ്ത്രേലിയയിലും ന്യൂസിലാൻറിൽ പോലും ചലനങ്ങൾ പ്രത്യക്ഷപ്പെട്ടു. മിതവാദി നേതൃത്വത്തിലാണെങ്കിലും ബ്രിട്ടനിലും ട്രേഡ് യൂണിയൻ പ്രസ്ഥാനം മുന്നേറാൻ തുടങ്ങി. ഇന്ത്യ, തുർകി,

ലാറ്റിനമേരിക്ക തുടങ്ങിയ പ്രദേശങ്ങളിൽ നവോത്ഥാനത്തിന്റെയും ദേശീയതയുടെയും അലകും പ്രകമ്പനം സൃഷ്ടിച്ചു. 1885–ൽ ആണല്ലോ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ജനനം. ആസ്ട്രോ ഹങ്കേറിയൻ സാമ്രാജ്യത്തിന്റെ പതനവും ഇറ്റലിയുടെയും ജർമനിയുടെയും ഏകീകരണവും തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് കളമൊരുക്കി. 1861–ലെ റഷ്യൻ കാർഷിക പരിഷ്കാരം പഴയ നാടുവാഴിത്തത്തിന്റെ സ്ഥാനത്ത് പുതിയ മുതലാളിത്ത ബന്ധങ്ങൾ സ്ഥാപിക്കാനാണ് സഹായിച്ചതെങ്കിലും അതും ആധുനിക തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ ജന്മം സുഗമമാക്കി. തണുത്ത് ഉറങ്ങിക്കിടന്ന റഷ്യൻ സാമ്രാജ്യത്തിനകത്തും കലാപത്തിന്റെ പൊട്ടിത്തെറികൾ എൺപതുകളോടെ ആരംഭിച്ചു. ഈ ചലനങ്ങളെല്ലാം സാമ്രാജ്യത്വത്തിന്റെ വികാസഗതികളോടൊപ്പം മുതലാളിത്തം ഒരു ആഗോള വ്യവസ്ഥ ആയതിന്റെ പരിണതഫലമായിരുന്നുതാനും.

ഈ ആഗോള വ്യാപകമായ മുന്നേറ്റം ഏറ്റവും രൂക്ഷമായി പ്രകടമായത് അമേരിക്കൻ ഐക്യനാടുകളിലാണ്. അവിടെ നടന്ന പല പണിമുടക്കുകളുടെയും വ്യാപ്തിയും ദൈർഘ്യവും അഭൂതപൂർവമായിരുന്നു. ഉദാഹരണത്തിന് 1875-ൽ ഫാംറിവറിലെ പതിനയ്യായിരം തുണിമിൽ തൊഴിലാളികളുടെ പണിമുടക്ക് എട്ട് ആഴ്ചയാണ് നീണ്ടുനിന്നത്. അതേവർഷം തന്നെ പെനിസിൽവേനിയായിലെ ഖനിതൊഴിലാളികളുടെ പണിമുടക്ക് ഏഴുമാസം നീണ്ടുനിന്നു. ആ പണിമുടക്ക് അടിച്ചമർത്തപ്പെട്ട രീതി ഇപ്പോഴും നമ്മെ രോഷംകൊള്ളിക്കും. കരിങ്കാലികളുടെയും ഗുണ്ടകളുടെയും പൊലീസിന്റെയും തേർവാഴ്ചയിൽ അനവധി ഉശിരൻ തൊഴിലാളികൾ വധിക്കപ്പെട്ടു. അതിനും പുറമെ കള്ളക്കേസ് എടുത്ത് 19 തൊഴിലാളി നേതാക്കളെ വിചാരണ പ്രഹസനത്തിന് വിധേയരാക്കി വധശിക്ഷക്ക് വിധിക്കുകയും വധിക്കുകയും ചെയ്തു എന്ന് പറയുമ്പോൾ ഭീകരമായ ആ താണ്ഡവനൃത്തത്തിന്റെ രൂക്ഷത ഊഹിക്കാമല്ലോ. പക്ഷെ

എന്നിട്ടും അമേരിക്കൻ ഐക്യനാട് തൊഴിലാളി പ്രസ്ഥാനത്തിന്റെ നടുവൊടിക്കാനോ മനോവീര്യം കെടുത്താനോ കഴിഞ്ഞില്ലെന്നാണ് തൊട്ടടുത്ത വർഷത്തെ (1886) സംഭവവികാസങ്ങളും വ്യക്തമാക്കുന്നത്. ആ സംഭവവികാസങ്ങളാണ് മെയ്ദിനത്തിന് ജന്മം നൽകിയത്.

അമേരിക്കൻ ഐക്യനാട്ടിലെ മേൽവിവരിച്ച പണിമുടക്കുകളും ഒറ്റപ്പെട്ട പൊട്ടിപ്പുറപ്പെടലുകളും ആയിരുന്നില്ല. 1880–83 ൽ അമേരിക്കൻ ഐക്യനാടുകളാകെ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയിൽ ചെന്നുവീണു. നൂറുകണക്കിന് ഫാക്ടറികളും അടച്ചുപൂട്ടുകയും ലക്ഷക്കണക്കിന് തൊഴിലാളികളും തെരുവിൽ എറിയപ്പെടുകയും ചെയ്തു. ഈ പ്രതിസന്ധിയുടെ ഭാരം മുഴുവനും തൊഴിലാളികളുടെ ചെലവിൽ പരിഹരിക്കാനുള്ള ശ്രമത്തെ തൊഴിലാളികളും രാഷ്ട്രവ്യാപകമായി ചെറുക്കാൻ തുടങ്ങിയതാണ് ഈ മുന്നേറ്റത്തിന്റെ തുടക്കം കുറിച്ചത്. പത്തു വർഷം കൂടുമ്പോഴും ആവർത്തിച്ചാവർത്തിച്ച് അക്കാലത്തെ ലോകമുതലാളിത്തത്തെ എന്ന പോലെ അമേരിക്കൻ മുതലാളിത്തത്തെയും ബാധിച്ചുവന്ന ഒരു ചാക്രിക കുഴപ്പമായിരുന്നു അത്. എന്നാൽ ഇതിനുമുമ്പ് ഒരിക്കലും തൊഴിലാളിവർഗം മുതലാളിമാരുടെ കുതന്ത്രങ്ങളെ ഇത്ര വ്യാപകമായും സംഘടിതമായും എതിർത്തിട്ടില്ല. അതുകൊണ്ട് 80 കളിലെ ചെറുത്തുനിൽപ് അമേരിക്കൻ 'മുതലാളിമാരെ കുറച്ചൊന്നുമല്ല പരിഭ്രാന്തരാക്കിയത്.

ജോലിസ്ഥിരത, ജീവിക്കാൻ മതിയായ വേതനം, തൊഴിൽ സമയപരിധി നിശ്ചയമുംപെടെ സേവന വ്യവസ്ഥ പരിഷ്കരിക്കൽ മുൻനിർത്തി ശാന്തസമുദ്രം മുതൽ അത്ലാൻറിക് വരെ തൊഴിലാളിസമര വേലിയേറ്റംകൊണ്ട് അമേരിക്കൻ ഐക്യനാട് മുഖരിതമായി. പന്ത്രണ്ട് മണിക്കൂർ മുതൽ 18-20 മണിക്കൂർ വരെ ആഴ്ചയിൽ ഒരു അവധി ദിവസംപോലും നൽകാതെ പണിയെടുപ്പിക്കുന്ന സമ്പ്രദായം അക്കാലത്ത് സർവസാധാരണമായിരുന്നു. 1884 ഒക്ടോബർ 7-ാം തീയതി അമേരിക്കൻ ഫെഡറേഷൻ ഓഫ്

ലേബർ (എ എഫ് എൽ) ഒരു ദേശീയസമ്മേളനം ചേർന്ന് ചരിത്രപ്രധാനമായ ഒരു തീരുമാനം എടുത്തു. 1886 മെയ് ഒന്നിനകം എട്ടുമണിക്കൂർ വേല എന്ന ആവശ്യം നിയമനിർമാണത്തിലൂടെ നടപ്പാക്കാത്തപക്ഷം തൊഴിലാളിവർഗം രാഷ്ട്രവ്യാപകമായി പൊതുപണിമുടക്കം നടത്തണമെന്നതായിരുന്നു തീരുമാനം. ചില നഗരങ്ങളിലും വ്യവസായങ്ങളിലും മുതലാളിമാരെക്കൊണ്ട് ഇത് അംഗീകരിപ്പിക്കാൻ തൊഴിലാളികൾക്ക് കഴിഞ്ഞെങ്കിലും ദേശവ്യാപകമായി ഈ അന്ത്യശാസനം അവഗണിക്കപ്പെട്ടു. അങ്ങനെ 1886 മെയ് ഒന്നിന് "എട്ട് മണിക്കൂർ വേല", "എട്ട് മണിക്കൂർ വിനോദം" "എട്ട് മണിക്കൂർ വിശ്രമം" എന്ന ലോക തൊഴിലാളിവർഗത്തിന്റെ അഭിലാഷത്തെ മുൻനിർത്തി പൊതുപണിമുടക്ക് നടത്തി അമേരിക്ക ചരിത്രം സൃഷ്ടിച്ചു. അന്ന് മൊത്തം 3 50 000 തൊഴിലാളികൾ പണിമുടക്കി പ്രകടനങ്ങൾ നടത്തി. ഇടതുപക്ഷത്തിന് നിർണായക സ്വാധീനമുണ്ടായിരുന്ന ചിക്കാഗോ ആയിരുന്നു പണിമുടക്കത്തിന്റെ മുഖ്യകേന്ദ്രം. ചിക്കാഗോയിൽ എ എഫ് എല്ലും സെൻട്രൽ ലേബർ യൂണിയൻ (സി എൽ യു) എന്ന ഇടതുപക്ഷ ട്രേഡ് യൂണിയൻ കേന്ദ്രവും പണിമുടക്കിന് നേതൃത്വം നൽകി. പണിമുടക്കിനുള്ള ആഹ്വാനത്തിൽനിന്ന് ഒഴിഞ്ഞുനിന്ന നയ്റൻസ് ഓഫ് ലേബർ തുടങ്ങിയ മിതവാദി സംഘടനകളുടെ അണികളും നേതൃത്വത്തെ ധിക്കരിച്ച് സമരപ്രവാഹത്തിൽ ലയിച്ചു. ചിക്കാഗോയിലെപ്പോലെ രൂക്ഷമായിരുന്നില്ലെങ്കിലും വാഷിംഗ്ടൺ, വാഷിംഗ്ടൺ, മിൽവോക്കി. ന്യൂയോർക്, പിറ്റ്സ്ബർഗ്, സിൻസിനാറ്റി തുടങ്ങിയ നഗരങ്ങളിലും പൊതുപണിമുടക്കം നടന്നു. എല്ലായിടത്തും കയറി അടിക്കുകയെന്ന വിവേകരഹിതമായ നടപടിക്ക് ഒതുങ്ങാതെ മുഖ്യകേന്ദ്രമായ ചിക്കാഗോയിൽ ആദ്യം ആഞ്ഞടിക്കുക എന്ന നയമാണ് അധികാരിവർഗം കൈക്കൊണ്ടത്.

ചിക്കാഗോയിലെ മാക്ക് കോർമിക് ഹാർവസ്റ്റർ കമ്പനിയിൽ കുറെക്കാലമായി ഒരു പണിമുടക്ക് നടന്നിരുന്നതിന്റെ ഇടയിലാണ് മെയ് ഒന്ന് വന്നുചേർന്നത്. സ്വാഭാവികമായി മാക്ക് കോർമിക്കിൽ നടന്നുവന്ന പണിമുടക്കും

മെയ്ദിന പണിമുടക്കിൽ ലയിച്ചുചേർന്നു. പണിമുടക്ക് വമ്പിച്ച കലാപത്തിനും രക്തച്ചൊരിച്ചിലിനും ഇടയാക്കുമെന്നും അതുകൊണ്ട് അതിനെ നിഷ്കരുണം അടിച്ചമർത്തപക്ഷം രാഷ്ട്രമാകെ കത്തിക്കാളുമെന്നും മറ്റും മുതലാളിമാരും അവരുടെ ജിഹ്വകളും മുൻകൂറായി പ്രചാരവേല നടത്തി. പക്ഷെ, മെയ് ഒന്നിന്റെ പണിമുടക്ക് വമ്പിച്ച വിജയമായിരുന്നെങ്കിലും പ്രത്യാപനത്തിനൊന്നും സന്ദർഭം ലഭിച്ചില്ല. പക്ഷെ എങ്ങനെയും കുഴപ്പം ഉണ്ടാക്കാൻ മുൻകൂട്ടി നിശ്ചയിച്ചിരുന്ന മുതലാളിമാർക്കും അധികാരിമാർക്കും മറെറാരു സന്ദർഭം കിട്ടി.

മാക്കോർമിക് പണിമുടക്കിനു പിന്തുണ നേടാനും മെയ് ഒന്നിന്റെ സമരലക്ഷ്യങ്ങൾ വിശദീകരിക്കാനും മെയ് 3—ാം തിയതി കമ്പനി വാതിൽകൽ ഒരു യോഗം ചേരാൻ സി എൽ യു നേതാക്കൾ ആഹ്വാനം നൽകി. ഓഗസ്റ്റസ് സ്പൈസ്, ആൽബർട് പാർസൻസ്, സാമുവൽ ഫീൽഡൻ, അഡോൾഫ് ഫിഷർ, ജോർജ് എംഗൽ എന്നീ സി എൽ യു നേതാക്കളാണ് യോഗം വിളിച്ചുകൂട്ടാൻ മുൻകൈ എടുത്തത്. യോഗം ശാന്തമായി മുന്നോട്ടുപോയി. സ്പൈസ് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ കുറെ കരിങ്കാലികൾ പൊടുന്നനെ ഫാക്ടറിക്കുള്ളിൽനിന്ന് ഓടിവന്ന് യോഗം കലക്കാൻ തുടങ്ങി. അവർ ആസൂത്രണം ചെയ്തതുപോലെ ഒരു ലഹളയുടെ അന്തരീക്ഷം സംജാതമായി. അപ്പോഴേക്കും മുൻകൂർ ആലോചിച്ച് തീരുമാനം എടുത്തിരുന്ന പ്രകാരം എവിടെയൊക്കെയോ നിന്ന് നൂറുകണക്കിന് പൊലീസുകാരും ചാടിവീണു. ലഹള ഒതുക്കാനെന്ന പേരിൽ പൊലീസുകാർ തുരുതുരെ വെടിയും തുടങ്ങി. ആറ് തൊഴിലാളികൾ വെടിവെയ്പിൽ മരിക്കുകയും അമ്പതിൽ പരം പേർക് പരിക്കേൽക്കുകയും ചെയ്തു.

ഓഗസ്റ്റസ് സ്പൈസ് ഉടൻ തന്നെ യോഗം നിർത്തിവെച്ച് തൊഴിലാളികളുടെ വക *അലാറം* എന്ന പത്രമാഫീസിലേക്ക് പാഞ്ഞു. പിറേറ ദിവസമായ മെയ് 4—ാംതിയതി ഈ സംഭവങ്ങളിൽ പ്രതിഷേധിക്കുവാൻ ഹെയ് മാർക്കറ്റ്

പ്രദേശത്ത് മറെറാരു യോഗം ചേരുന്നതാണ് എന്ന് പത്രത്തിൽ പരസ്യം ചെയ്തു.

മേയ് 4—ൻെറ പ്രതിഷേധയോഗം ശാന്തമായി നടന്നു. അധ്യക്ഷൻ സാമുവൽ ഫീൽഡൻ ആയിരുന്നു. അധ്യക്ഷനു് പുറമെ സപൈ്സും പാൻസൻസും പ്രസംഗിച്ചു. രാത്രി മണി പത്തരയായിട്ടും യോഗം തുടർന്നു. എന്നാൽ അപ്പോഴേക്കും ഒരു മഴച്ചാറൽ ആരംഭിച്ചതിനാൽ അധ്യക്ഷൻ യോഗം പിരിച്ചുവിടാൻ തീരുമാനിച്ചു. അതിനു് മുൻപേതന്നെ ആളുകളിൽ കുറേശ്ശെ പിരിഞ്ഞു പൊയ്ക്കൊണ്ടിരുന്നു അങ്ങനെ പിരിഞ്ഞു പോയവരിൽ ചിക്കാഗോ മേയറായ കാർട്ടർ ഹാരിസണും ഉണ്ടായിരുന്നു. അദ്ദേഹം ഒരു നിരീക്ഷകനും കേഴ്വിക്കാരനുമായി വന്നതാണു്. പിരിഞ്ഞുപോകുന്ന സന്ദർഭത്തിൽ 200—ൽ ഏറെ പൊലീസുകാർ തയ്യാറെടുത്തു് നിൽക്കുന്നത് കണ്ട മേയർ അൽപമൊന്നു് അമ്പരന്നു. ''കുഴപ്പമൊന്നും ഉണ്ടാകാൻ പോകുന്നില്ല, യോഗംപിരിയാറായി നിങ്ങൾക്കു് സൈര്യമായി സ്ഥലം വിടാം'' എന്നു് മേയർ ഹാരിസൺ പൊലീസ് സേനയുടെ തലവനായ ക്യാപ്ടൻ ബോൺഫീഡനോടു് പറഞ്ഞു. പക്ഷെ അങ്ങനെ പിരിഞ്ഞുപോകാനല്ല അവർ വന്നത്. ബോൺഫീൽഡും കുറെ പോലീസുകാരും പ്രത്യേകമൊരു പ്രകോപനവും ആവശ്യവുമില്ലാതെ യോഗവേദിയിലേക്കു് ചാടിക്കയറി. പ്രസംഗം ഉപസംഹരിച്ചു് യോഗം പിരിച്ചുവിടാൻ ആരംഭിച്ച ഫീൽഡനോടു് പൊലീസ് തലവൻ കൽപിച്ചു:''യോഗം ഉടൻ പിരിച്ചുവിടുക'', ''എല്ലാം ശാന്തം, കുഴപ്പമൊന്നുമില്ല'' എന്നു് ഫീൽഡൻ മറുപടി പറയുമ്പോഴേക്കും അവിടെ ഇടിമിന്നൽ പോലൊരു വെട്ടിത്തിളക്കം. ഒരു വലിയ പൊട്ടിത്തെറി, എവിടെ നിന്നാണെന്നോ എന്താണെന്നോ ആർക്കും പിടികിട്ടിയില്ല. ഒരു ബോമ്പ് പൊട്ടിയതാണെന്നു് പിന്നെ വ്യക്തമായി. പൊട്ടിത്തെറിയിൽ ഒരു പൊലീസുകാരൻ മരിച്ചതായി കണ്ടു. അയാളുടെ പേർ ദേഗൻ. അത് പൊട്ടിത്തെറി മൂലമാണോ വെടിവെയ്പു മൂലമാണോ എന്നു് ആർക്കും വ്യക്തമായി തിട്ടമില്ല. നാല് തൊഴിലാളികളും വെടിവെയ്പിൽമരിച്ചുവീണു. നൂറോളംപേർക് പരിക്കുപറ്റി. പരിക്കു പറ്റിയവരിൽ ഏഴ് പൊലീസുകാരും ഉണ്ട്.

പിന്നീടുള്ള പുകിൽ ഊഹിക്കാമല്ലോ. അമേരിക്ക മുതൽ ഇന്ത്യവരെയും ഇംഗ്ലണ്ട് മുതൽ തെക്കേ ആഫ്രിക്കവരെയും ഇന്നെന്നപോലെ അന്നും മുതലാളിത്തത്തിന്റെ പൊലീസ് ഒരേ തരത്തിലാണ് പെരുമാറുന്നത്. കൂട്ട അറസ്റ്റും മർദനവും കൊടികുത്തി പാറി നടന്നു. അറസ്റ്റ് ചെയ്തവരെയെല്ലാം വാഹനത്തിലും തടവറയിലുമിട്ട് ഭേദ്യം ചെയ്തു. മുതലാളിത്തജിഹ്വകൾ ആക്രോശിച്ചു; അരാജകവാദികളും സോഷ്യലിസ്റ്റുകളുമായ അക്രമികളെ അമർച്ചചെയ്തില്ലെങ്കിൽ അമേരിക്ക അന്തകൂപത്തിൽ നിപതിക്കും.

200–ൽ പരം പേർ തടവിലായി. ദേഗൻ എന്ന പൊലീസുദ്യോഗസ്ഥനെ വധിക്കാൻ ഗൂഢാലോചന നടത്തിയെന്ന് ആരോപിച്ച് 31 പേർക്കെതിരെ ഗൂഢാലോചന കേസെടുത്തു. പക്ഷെ കുള്ളത്തെളിവുപോലും ഉണ്ടാക്കാൻ കഴിയാത്തതുകൊണ്ട് അവരിൽ എട്ടുപേർ ഒഴിച്ച് മറ്റാർക്കും കുറ്റപത്രംപോലും നൽകിയില്ല. ആൽബർട് പാർസൻസ്, ഓഗസ്റ്റ് സ്പൈസ്, സാമുവൽ ജെ ഫീൽഡൻ, യൂജിൻ ഷ്വാബ്. അഡോയഫ് ഫിഷർ, ജോർജ് എംഗൽ, ലൂയി ലിംഗ്, ഓസ്കാർ നീബ് എന്നീ എട്ട് പേർക്കാണ് കുറ്റപത്രം നൽകിയത്. ഇവരിൽ സ്പൈസും ഫീൽഡനും പാർസൻസും യോഗത്തിൽ പ്രസംഗിച്ചവരാണ്. ഒരാൾ അൽപനേരം യോഗത്തിൽ പങ്കെടുത്തശേഷം അവസാനിക്കും മുൻപ് സ്ഥലം വിട്ടിരുന്നു, മറ്റുള്ളവർ സ്ഥലത്ത് വന്നവരെയല്ല. പക്ഷെ ട്രേഡ് യൂണിയൻ പ്രവർതകർ തന്നെ. മരണശിക്ഷക്ക് വിധിക്കപ്പെട്ടവരിൽ ജോർജ് എംഗൽ മെയ് 3-ന്റെ യോഗത്തിലാണ് പ്രസംഗിച്ചത്. മെയ് 4–ന്റെ യോഗത്തിൽ പ്രസംഗിച്ചില്ല.

ബോമ്പ് എറിഞ്ഞത് ആരാണെന്ന് തെളിഞ്ഞില്ല. അതുകൊണ്ട് ബോമ്പേറുമായി പ്രതികൾക് ബന്ധമുണ്ടോ എന്നറിയാൻ മാർഗമില്ലായിരുന്നു. ബോമ്പേറുകാര്യം വ്യക്തമാക്കാത്തതുകൊണ്ട് ജഡ്ജി ജോസഫ് ഗാരിക്ക് പ്രോസിക്യൂഷൻകേസ് ബോധ്യമായില്ലായെന്ന് കോടതിയിൽ തന്നെ വെട്ടിത്തുറന്നുപറഞ്ഞു. എങ്കിലും പ്രോസിക്യൂഷൻ

വാദത്തെ തിരസ്കരിക്കാൻ അദ്ദേഹത്തിനു ധൈര്യമുണ്ടായില്ല. ജഡ്ജിയെ ഉപദേശിക്കാൻ ചുമതലപ്പെട്ടവരായ ജൂറിമാർക്കുകൊട്ട് (അമേരിക്കയിലെയും ബ്രിട്ടനിലെയും കോടതികളിലെ പരമ്പരാഗതമായ ഒരു സമ്പ്രദായമാണ് ജൂറികളുടെ ഉപദേശം) നിയമവും തെളിവും ഒന്നും ബാധകമല്ല. കുത്തക മുതലാളി പത്രങ്ങളും അവർ ഉണ്ടാക്കിയതായി സങ്കൽപിക്കപ്പെടുന്ന 'പൊതുജനാഭിപ്രായ'വും 'അക്രമി'കളായ സോഷ്യലിസ്റ്റുകൾക്കെതിരെ കൊലവിളി നടത്തിയപ്പോൾ ജൂറികൾ അതാവർത്തിക്കുകയും തെളിവില്ലെങ്കിലും ജഡ്ജി അതിന് വഴിപ്പെടുകയും ചെയ്തപ്പോൾ അമേരിക്കയുടെ ബൂർഷ്വാ നിയമം പോലും വ്യഭിചരിക്കപ്പെട്ടു. പാർസൻസ്, സ്പൈസർ, ഫിഷർ, എംഗൽ എന്നിവർ വധശിക്ഷക്ക് വിധിക്കപ്പെട്ടു. 1887 നവംബർ 11-ന് ചിക്കാഗോ കാരാഗൃഹത്തിൽ തൊഴിലാളിവർഗത്തിന്റെ ആ നാല് വീരചരിതരായ പോരാളികൾ അനശ്വരമായ രക്തസാക്ഷിത്വം വരിച്ചു. ലൂയിലിംഗ് "തടവിൽകിടന്ന് ആത്മഹത്യ ചെയ്തു"തായി പൊലീസ് വിജ്ഞാപനം ഇറക്കി. ലിംഗ് ബോമ്പുണ്ടാക്കി എന്ന് സ്ഥാപിക്കാനായിരുന്നു പൊലീസിന്റെ ശ്രമം. അങ്ങനെ സമ്മതിപ്പിക്കാനുള്ള ശ്രമത്തിൽ അദ്ദേഹത്തെ കൊന്നതായിരിക്കാം എന്നാണ് അന്ന് നിരീക്ഷകരും പിന്നീട് ഗവേഷകരും വിധിച്ചത്. വധശിക്ഷക്ക് വിധേയനായ അഡോൾഫ് ഫിഷർ യോഗത്തിൽ പങ്കെടുത്തിരുന്നതേയില്ല. യൂജിൻ ഷാബ്, ഓസ്കാർ നീബ്, സാമുവൽ ഫീൽഡൻ എന്നിവർക്ക് നീണ്ട തടവുശിക്ഷ കിട്ടി.

ഈ ധീരോദാത്തരായ തൊഴിലാളിവർഗ രക്തസാക്ഷികളെ അനുസ്മരിച്ചും 1886 മെയ് ഒന്നിന്റെ ഐതിഹാസിക പണിമുടക്കിൽ പ്രകടമായ തൊഴിലാളിവർഗത്തിന്റെ ഐക്യദാർഢ്യത്തെ പ്രകീർത്തിക്കാനും ആ ചുവടുകൾ പിൻതുടരാനും ആണ് ലോകമെങ്ങും മെയ്ദിനം ആചരിക്കുന്നത്. പ്രവർത്തനം നിർത്തിവെച്ച ഒന്നാം ഇന്റർനാഷണലിന്റെ സ്ഥാനത്ത് മഹത്തായ ഫ്രഞ്ച് വിപ്ലവത്തിന്റെ ശതാബ്ദിദിനത്തിൽ 1889-ൽ ചേർന്ന രണ്ടാം ഇന്റർനാഷണൽ

ആണ് മെയ് ദിനം ആഗോളവ്യാപകമായി ആചരിക്കാൻ തീരുമാനമെടുത്തത്. മാർക്സിന്റെ ഉറ്റ ചങ്ങാതിയും ശാസ്ത്രീയ സോഷ്യലിസത്തിന്റെ സഹസംസ്ഥാപകനും ആയ ഫ്രെഡറിക് എംഗൽസ് ആണ് രണ്ടാം ഇന്റർനാഷണലിന്റെ സ്ഥാപനത്തിനു നേതൃത്വം നൽകിയത്. 1890 മെയ് ഒന്നാം തിയതി ലോകമെങ്ങും മെയ്ദിനം ആചരിക്കപ്പെട്ടു. അതിനുശേഷം ഇതേവരെ ആ പാരമ്പര്യം അഭിമാനപൂർവം തൊഴിലാളിവർഗം പിൻതുടരുന്നു.

മെയ്ദിനം ഇന്ത്യയിൽ

സി ഭാസ്കരൻ

സാർവദേശീയ തൊഴിലാളി സംഘടനയുടെ സ്ഥാപക സമ്മേളനം 1890 മെയ് ഒന്ന് തൊഴിലാളിവർഗത്തിന്റെ സാർവദേശീയ ദിനമായി ആചരിക്കണമെന്ന് ആഹ്വാനം നൽകി മുപ്പത്തിമൂന്ന് വർഷം പിന്നിട്ടതിനുശേഷമാണ് ഇന്ത്യയിൽ ഒറ്റപ്പെട്ട നിലയിൽ മെയ് ദിനം ആചരിക്കപ്പെട്ടത്. സംഘടിതനിലയിൽ മെയ്ദിനമാചരിക്കുന്നതിന് പിന്നെയും കഴിയേണ്ടിവന്നു, ഒരു നാലുവർഷം. എന്നാൽ പിന്നീടൊരു നാല് പതിറ്റാണ്ട് പൂർത്തിയായപ്പോഴേക്കും ഇന്ത്യയിലെ ഒരു സംസ്ഥാനത്തിൽ മെയ്ദിനം കൂലിയോടുകൂടിയ അവധിദിനമായി പ്രഖ്യാപിക്കപ്പെട്ടു.

ഇങ്ങനെ ഇന്ത്യയിൽ സംഘടിത നിലയിൽ മെയ്ദിനമാചരിക്കാൻ തുടങ്ങിയിട്ട് ഏഴ് പതിറ്റാണ്ട് പൂർത്തിയായി. കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടിത്തന്നെ ആധുനിക തൊഴിലാളിവർഗം ഇവിടെ ജൻമമെടുക്കാൻ തുടങ്ങിയിരുന്നു. 1817-ൽ ആദ്യത്തെ തുണിമില്ലും 1855-ൽ ആദ്യത്തെ ചണമില്ലും ഇവിടെ സ്ഥാപിതമായെങ്കിൽ 1914-ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോഴേക്കും 9 50 973 തൊഴിലാളികളും ജോലി ചെയ്യുന്ന 2 936 ഫാക്ടറികളും ഇവിടെ ഉയർന്നുവന്നു. പുതിയ വ്യവസായങ്ങളുടെ ആവിർഭാവത്തോടൊപ്പം തൊഴിലാളികളെ മൃഗീയമായി ചൂഷണം ചെയ്യുകയെന്ന സമ്പ്രദായവും നിലവിൽവന്നു. സ്വാഭാവികമായും അതിനെതിരായ ചെറുത്തുനിൽപ് പ്രസ്ഥാനവും ഒപ്പം തന്നെ ആരംഭിച്ചു. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞ

ഉടനെ തൊഴിലാളി സമരങ്ങൾ പടർന്നു പിടിച്ചു. 1920-21 ആയപ്പോഴേക്കും സമരങ്ങൾ ഇരമ്പിക്കയറാൻ തുടങ്ങി. സമരങ്ങളുടെ തീച്ചൂളയിലൂടെ, 1920 ഒക്ടോബറിൽ, അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് പിറവികൈയെടുത്തു. അത് തൊഴിലാളി സമരങ്ങൾക്ക് ഊക്കും ഉശിരും നൽകി.

എ ഐ ടി യു സിയുടെ കീഴിൽ തൊഴിലാളികൾ അണിനിരന്നുകൊണ്ടിരിക്കെ 1923–ാം മാണ്ടിലെ മെയ്ദിനം വന്നെത്തി. ആ മെയ്ദിനം ആചരിക്കണമെന്ന് മദിരാശിയിലെ ഒരു അഭിഭാഷകനും ട്രേഡ് യൂണിയൻ നേതാവുമായ ശിങ്കാരവേലു ചെട്ടിയാർ തീരുമാനിച്ചു. അന്നേ ദിവസം അദ്ദേഹം തന്റെ വീടിനു മുകളിൽ ചെങ്കൊടി ഉയർത്തി. ചുവന്ന നിറത്തിലുള്ള കൊടി ഇല്ലാതിരുന്നതുകൊണ്ട് മകളുടെ സാരിയിൽനിന്ന് ഒരു കഷണം തുണി കീറിയെടുത്ത് അത് കൊടിയായി ഉപയോഗിക്കുകയായിരുന്നു. മദിരാശി കടപ്പുറത്ത് ഒരു യോഗവും ചെട്ടിയാർ വിളിച്ചുകൂട്ടി. ആ യോഗം മെയ്ദിനം ഒഴിവുദിനമായി പ്രഖ്യാപിക്കണമെന്ന് ഗവൺമെൻറിനോട് അഭ്യർഥിച്ചു. ഇതായിരുന്നു ഇന്ത്യയിൽ നടന്ന ആദ്യത്തെ മെയ്ദിനാചരണം. അങ്ങനെ മെയ്ദിനാചരണത്തിന് ഇന്ത്യയിൽ ആദ്യമായി മുൻകൈ എടുത്തതിനുള്ള ബഹുമതി ശിങ്കാരവേലുചെട്ടിയാർക്ക് പോകുന്നു.

മദിരാശിയിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിന് ഇരുപതുകൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ ഭഗീരഥ പ്രയത്നം നടത്തിയ ആളാണ് ചെട്ടിയാർ. താൻ ഒരു കമ്യൂണിസ്റ്റാണെന്ന് 1923–ൽ തന്നെ അദ്ദേഹം സ്വയം പ്രഖ്യാപിക്കുകയുണ്ടായി. പക്ഷെ കൽക്കത്തയിൽ മുസഫർ അഹമ്മദും ലാഹോറിൽ ഗുലാം ഹുസൈനും ബോംബെയിൽ ഡാങ്കെയും ചെയ്തതുപോലെ മദിരാശിയിൽ, കമ്യൂണിസ്റ്റ് ഗ്രൂപ്പ് അദ്ദേഹം രൂപീകരിച്ചില്ല. എങ്കിലും കോൺപൂർ ഗൂഢാലോചനകേസിൽ മുസഫർ അഹമ്മദ്, ഡാങ്കെ, ഗുലാം ഹുസൈൻ, നളിനി ഗുപ്ത തുടങ്ങിയവരോടൊപ്പം അദ്ദേഹത്തെയും ബ്രിട്ടീഷ് ഗവൺമെൻറ്

പ്രതിയാക്കി. 1925-ൽ സത്യഭക്തൻ ഒരു ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി രൂപീകരിക്കുന്നതിന് കോൺപൂരിൽ വിളിച്ചു കൂട്ടിയ യോഗത്തിൽ അധ്യക്ഷത വഹിക്കേണ്ടിയിരുന്നത് ചെട്ടിയാരായിരുന്നു. പക്ഷെ യോഗാരംഭത്തിന് മുമ്പുതന്നെ അദ്ദേഹത്തെ ബ്രിട്ടീഷ് ഗവൺമെൻറ് അറസ്റ്റുചെയ്ത് തടവിലാക്കി.

1923-ൽ ഇന്ത്യയിലെ ആദ്യത്തെ മെയ്ദിനാചരണം കഴിഞ്ഞ് രണ്ടു വർഷം പിന്നിട്ടപ്പോഴാണ് വിദേശത്ത് പോയ ഇന്ത്യൻ കപ്പൽ ജോലിക്കാർ ഇംഗ്ലണ്ടിൽ നടന്ന മെയ്ദിനാചരണത്തിൽ പങ്കെടുത്തുവെന്ന് 1925 മെയ് 3 ന്റെ *സ്റ്റേറ്റ്സ്മാൻ* പത്രം റിപ്പോർട് ചെയ്തു. ഹൈഡ് പാർകിൽ നടന്ന റാലിയിൽ പങ്കെടുക്കാൻ അവർ ജാഥയായി പോവുകയാണത്രെ ഉണ്ടായത്. കൂടാതെ "ഇന്ത്യയെ മോചിപ്പിക്കുക" എന്ന ബാനറും അവർ ഉയർത്തിപ്പിടിച്ചിരുന്നു. ഇന്ത്യൻ കപ്പൽ തൊഴിലാളി യൂണിയന്റെ പ്രതിനിധികൾ അടുത്ത വർഷം ഹൈഡ് പാർകിൽ നടന്ന മെയ്ദിനാചരണത്തിൽ പങ്കെടുക്കുകയുണ്ടായെന്ന് 1926 മെയ് 4-ന് റോയിട്ടർ റിപ്പോർട് ചെയ്യുകയുണ്ടായി.

1923-ൽ മദിരാശിയിൽ നടന്ന മെയ്ദിനാചരണത്തിന്റെ കാര്യം പരാമർശിച്ചുവല്ലോ. അതുപോലെ പരാമർശമർഹിക്കുന്നതാണ് 1926-ൽ ബോംബെയിൽ നടന്ന മെയ്ദിനാചരണം. ഇന്ത്യയിലെ തൊഴിലാളിവർഗത്തിന്റെ ഈറ്റില്ലമായ ആ നഗരത്തിൽ അന്ന് നടന്ന പ്രകടനത്തിൽ സജീവ പങ്കുവഹിച്ചത് മുനിസിപ്പൽ തൊഴിലാളികളാണ് എൻ എം ജോഷി, എസ് എസ് മിറാജ്കർ, എസ് വി ഘാട്ടെ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി. അതേ വർഷം തന്നെ ലാഹോറിൽ മെയ്ദിനം ആഘോഷിച്ചു. അതിന് നേതൃത്വം നൽകിയത് ആദ്യത്തെ 'കമ്യൂണിസ്റ്റ് ഗൂഢാലോചന കേസി'ലെ പ്രതിയായിരുന്ന മിർ അബ്ദുൽ ബജദ് ആയിരുന്നു.

ഇന്ത്യയിൽ സംഘടിതമായ നിലയിൽ ആദ്യമായി മെയ്ദിനം ആചരിച്ചത് 1927 ലാണ്. അതിന് ആഹ്വാനം നൽ

കിയതാവട്ടെ, എ ഐ ടി യു സിയും. അതേ ദിവസം ബോംബെ, കൽകത്ത. മദിരാശി എന്നീ നഗരങ്ങളിലും മറ്റു തൊഴിലാളികേന്ദ്രങ്ങളിലും മെയ്ദിനം ഗംഭീരമായി കൊണ്ടാടപ്പെട്ടു. ബോംബെയിൽ എൻ എം ജോഷി, ജീൻവാല, എസ് എച്ച് ജബ്വാല, എസ് എസ് മിറാജ്കർ, കെ എൻ ജോഗ്ലേക്കർ എന്നിവർ അതിന് നേതൃത്വം നൽകി. കൽകത്തയിൽ മെയ്ദിനം ഉചിതമായ നിലയിൽ ആചരിക്കണമെന്ന് ബംഗാൾ പ്രോവിൻഷ്യൽ ട്രേഡ് യൂണിയൻ കോൺഗ്രസ് തൊഴിലാളികളെ ആഹ്വാനം ചെയ്തു. എന്നാൽ പരിപാടികളെ പൊളിക്കുമെന്നായി പൊലീസ് കമ്മിഷണർ. ഈദൃശലക്ഷ്യത്തോടെ ട്രേഡ് യൂണിയൻ നേതാക്കളുടെമേൽ അദ്ദേഹം നിയന്ത്രണമേർപ്പെടുത്തി. എങ്കിലും സകല നിയന്ത്രണങ്ങളും പ്രതിബന്ധങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് കൽകത്തയിലെ തൊഴിലാളികൾ മെയ്ദിനാചരണം വമ്പിച്ച വിജയമാക്കി. ഇങ്ങനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന മെയ് ദിനാചരണത്തിന്റെ വിവരം 1929 നവംബറിൽ സമ്മേളിച്ച എ ഐ ടി യു സിയുടെ എട്ടാമത് സമ്മേളനത്തിൽ ജനറൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്.

1927-ഉം 1928—ഉം തൊഴിലാളി സമരങ്ങളുടെയും തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെയും വളർച്ചയുടെയും മുന്നേറ്റത്തിന്റെയും വർഷങ്ങളായിരുന്നു. ആ രണ്ട് വർഷവും ഇന്ത്യയിലെ മിക്ക തൊഴിലാളി വർഗകേന്ദ്രങ്ങളിലും തൊഴിലാളി വർഗ സമരങ്ങളുടെ കൊടുങ്കാറ്റ് ആഞ്ഞുവീശി. 1927-ൽ ബോംബെയിലെ ടെക്സ്റ്റൈൽ തൊഴിലാളികൾ പണിമുടക്കി. ഗോരഖ്പൂർ വർക്ഷോപ്പിലെ 8000 റെയിൽവേ തൊഴിലാളികളുടെ പണിമുടക്കം. അതിന് പിന്തുണ നൽകിക്കൊണ്ട് ബംഗാൾ, നാഗ്പൂർ റെയിൽവേയിലെ 40,000 തൊഴിലാളികൾ നടത്തിയ പണിമുടക്കം വമ്പിച്ച വിജയമായിരുന്നു. 1928-ൽ 3 കോടി 16 ലക്ഷം തൊഴിൽ ദിവസങ്ങൾ നഷ്ടപ്പെട്ടു. 203 പണിമുടക്കുകൾ ഇന്ത്യയിലുണ്ടായി. അവയിൽ ബോംബെയിൽ നടന്ന പണിമുടക്ക്

സമരങ്ങളുടെ എണ്ണം 111 ആയിരുന്നു. ബംഗാൾ 60, ബിഹാർ-ഒറീസ 8, മദിരാശി 7, പഞ്ചാബ് 2 എന്നിങ്ങനെയാണ് വിവിധ സംസ്ഥാനങ്ങളിൽ നടന്ന പണിമുടക്കുകളുടെ എണ്ണം. പരുത്തി, കമ്പിളി മില്ലുകളിൽ 110-ഉം ചണമില്ലുകളിൽ 19-ഉം എഞ്ചിനീയറിംഗ് വ്യവസായത്തിൽ 11-ഉം റെയിൽവേകളിൽ 9 ഉം ഖനികളിൽ 1-വും പണിമുടക്കുകളാണ് നടന്നത്. ആ പണിമുടക്ക് മലബാർ ഭാഗത്തും വ്യാപിച്ചിരുന്നു.

ഇവയിൽ ഏറ്റവും ദൈർഘ്യമേറിയ പണിമുടക്ക് ബോംബയിലെ ടെക്സ്റ്റൈൽ തൊഴിലാളികളുടെതായിരുന്നു. പ്രസ്തുത പണിമുടക്ക് ആറുമാസം നീണ്ടുനിന്നു. ഒന്നരലക്ഷം തൊഴിലാളികൾ അതിൽ പങ്കെടുത്തു. തൊഴിലാളികളുടെ ഐക്യത്തെയും വർഗബോധത്തെയും യൂണിയനെയും തകർത്തെറിയാൻ ഗവൺമെൻറും മില്ലുടമകളും പഠിച്ച പതിനെട്ടടവും പയറ്റി. മർദനമുറകൾ ഒന്നിനുപിറകെ മറ്റൊന്നായി പ്രയോഗിച്ചുനോക്കി. പക്ഷേ. കൂലി വെട്ടിക്കുറച്ചതിനെതിരായി നടന്ന ആ ഐതിഹാസിക സമരം പൊളിക്കാൻ അവർക് കഴിഞ്ഞില്ല. സമരത്തിൽ തൊഴിലാളികൾ ശ്രദ്ധേയമായ വിജയം നേടി. ടെക്സ്റ്റൈൽ തൊഴിലാളി സമരത്തിന് നേതൃത്വം നൽകിയ ഗിർണി കാംഗാർ യൂണിയന്റെ അംഗസംഖ്യ 1928-ൽ 54,000 ആയും അടുത്ത വർഷം 65,000 ആയും വർധിച്ചു. ഇങ്ങനെ തൊഴിലാളി സമരങ്ങൾക്കും തൊഴിലാളി വർഗപ്രസ്ഥാനത്തിന്റെ വളർച്ചക്കും ഇടയിലാണ് 1928 ലെ മെയ്ദിനം നമ്മുടെ രാജ്യത്തെ തൊഴിലാളികൾ കൊണ്ടാടിയത്.

അടുത്ത വർഷം നിഷ്ഠുരമായ അടിച്ചമർത്തലിന്റെ പശ്ചാത്തലത്തിൽ വേണ്ടിവന്നു, തൊഴിലാളികൾക് മെയ്ദിനം കൊണ്ടാടാൻ. തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെയും കമ്യൂണിസ്റ്റ് പാർടിയുടെയും സ്വാധീനം ബ്രിട്ടീഷു ഭരണാധികാരികൾക്കിടയിൽ പരിഭ്രാന്തി സൃഷ്ടിച്ചു. അതിന്റെ ആപത്ത് അവർ ശരിക്കും മനസിലാക്കി. 1929ൽ കൂടിയ നിയമനിർമാണ സഭയിൽ വൈസ്രോയി ഒരു

പ്രസ്താവന ചെയ്തു: ''അസ്വാസ്ഥ്യജനകാംവിധം കമ്യൂണിസ്റ്റാശയങ്ങൾ പ്രചരിച്ചു വരുന്നതിൽ ഗവൺമെൻറിന് വലിയ ഉൽകണ്ഠയുണ്ട്. അതിനെതിരായി ഗവൺമെൻറ് കർശനമായ നടപടികൾ കൈക്കൊള്ളുന്നതാണ്.'' ഉശിരൻ ട്രേഡ് യൂണിയനുകളുടെ വളർച്ച പിന്തിരിപ്പൻ മിതവാദി ട്രേഡ് യൂണിയൻ നേതാക്കളെ വിറളി പിടിപ്പിച്ചു. തങ്ങളുടെ കാലിന്നടിയിലെ മണ്ണ് ഒലിച്ചു പോവുകയാണെന്ന് അവർ കണ്ടു. അതുകൊണ്ട് ഉശിരൻ ട്രേഡ്യൂണിയനുകളെ നയിക്കുന്ന ആശയങ്ങൾ മുളയിലേ നുള്ളിക്കളയുന്നതിന് നടപടി കൈക്കൊള്ളണമെന്ന് ശിവറാവുവിനെപ്പോലെയുള്ള അത്തരം നേതാക്കൾ ആവശ്യപ്പെട്ടു.

പിന്നെ താമസമുണ്ടായില്ല. 1929 മാർച്ച് 20-ാം തീയതി പ്രമുഖരായ 31 കമ്യൂണിസ്റ്റ് – ട്രേഡ്യൂണിയൻ നേതാക്കളെ ഗവൺമെൻറ് വേട്ടയാടിപ്പിടിച്ചു. അവരുടെ പേരിൽ ഒരു ഗൂഢാലോചനക്കേസ് ചമച്ചുണ്ടാക്കി—മീറത് ഗൂഢാലോചനക്കേസ്. 1933 വരെ നീണ്ടുനിന്ന ആ കേസിലെ പ്രതികൾ വിവിധ കാലയളവുകളിലേക്ക് ശിക്ഷിക്കപ്പെട്ടു.

ഇതിനിടയിൽ എ ഐ ടി യു സിക്കകത്ത് ഒരു പിളർപുണ്ടായി. മിതവാദി നേതാക്കൾ അതിൽനിന്ന് പുറത്തുപോയി ട്രേഡ് യൂണിയൻ ഫെഡറേഷൻ എന്നപേരിൽ ഒരു സംഘടന രൂപീകരിച്ചു. തീർന്നില്ല. ഇടതുപക്ഷ വിഭാഗവും രണ്ടായി പിളർന്നു. റെഡ് ട്രേഡ് യൂണിയൻ കോൺഗ്രസ് എന്ന പേരിൽ മൂന്നാമതൊരു സംഘടന കൂടി നിലവിൽ വന്നു. ഈ അവസരത്തിൽ നിന്ന് മുതലെടുത്തുകൊണ്ട് തൊഴിലാളികളെ പിരിച്ചുവിടാനും അവരുടെ അധ്വാനഭാരം വർധിപ്പിക്കാനും തൊഴിലുടമകൾ തയ്യാറായി. ഈ നടപടികളെ. പക്ഷെ, തൊഴിലാളികൾ നോക്കിനിന്നില്ല. അവർ അതിനെതിരെ തങ്ങളുടെ കയ്യിലെ ഏറ്റവും ശക്തമായ പണിമുടക്കായുധം എടുത്തുപയോഗിച്ചു ഫലമോ? 1929—ൽ നടന്ന പണിമുടക്കുകളുടെ എണ്ണം 141 ആയിരുന്നെങ്കിൽ 1930—ൽ 148 ഉം 1931—ൽ 166 ഉം പണിമുടക്കുകൾ നടന്നു.

ഇങ്ങനെയുള്ള ഒരു പശ്ചാത്തലത്തിലാണ് 1930—ൽ മെയ്ദിനം ആചരിക്കപ്പെട്ടത്. ആ വർഷം കൽകത്തയിൽ നടന്ന മെയ്ദിനത്തെക്കുറിച്ച് ഏതാനും കാര്യങ്ങൾ പരാമർശിക്കേണ്ടതുണ്ട്. 1930 ഏപ്രിൽ 19-ാം തിയതി ബംഗാളിൽ ഒരു ഓർഡിനൻസ് പ്രഖ്യാപിക്കപ്പെട്ടു. തലേ ദിവസം നടന്ന ചിറ്റഗോങ്ങ് ആയുധശാലാക്രമണത്തിന്റെ പ്രത്യാഘാതമായിരുന്നു അത്. രാഷ്ട്രീയ-ട്രേഡ് യൂണിയൻ നേതാക്കൾ അറസ്റ്റുചെയ്യപ്പെടുകയോ തടവിലാക്കപ്പെടുകയോ ചെയ്തു. ഏപ്രിൽ 30—ാം തിയതി കൽകത്തയിലെ കാളവണ്ടിക്കാർ പൊതുപണിമുടക്കാരംഭിച്ചു. സായുധ പൊലീസുമായി അവർ തെരുവീഥികളിൽ ഏറ്റുമുട്ടി. ഈ പ്രസ്ഥാനത്തിന്റെ നേതാക്കൾ അറസ്റ്റിലായി. അവരെ ഗവൺമെൻറ് തടവറകളിലേക്ക് തള്ളി. അടുത്ത ദിവസം — മെയ് ഒന്ന് — ജനകീയ മുന്നേറ്റമുണ്ടാകുമെന്ന് ബ്രിട്ടീഷുകാർ ഭയപ്പെട്ടു. അതുകൊണ്ട് കൽകത്തയിലെ പൊലീസ് കമ്മീഷണർ എല്ലാവിധ കരുതൽ നടപടികളും കൈക്കൊണ്ടു.

ഇതെല്ലാമുണ്ടായിട്ടും കൽകത്ത നഗരത്തിലേയും ഇതര തൊഴിലാളികേന്ദ്രങ്ങളിലേയും തൊഴിലാളികൾ 1930 ലെ മെയ്ദിനം പൂർവാധികം ഗംഭീരമായി കൊണ്ടാടി. 1932ലും ഏതാണ്ടീയൊരവസ്ഥയിൽ തൊഴിലാളികൾ മെയ്ദിനം ആഘോഷിച്ചു.

അർഹിക്കുന്ന വിധം മെയ്ദിനമാഘോഷിക്കണമെന്നാഹ്വാനം ചെയ്തതുകൊണ്ട് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിയുടെ കൽകത്ത കമ്മിറ്റി 1932—ൽ ഒരു നിയമവിരുദ്ധ ലഘുലേഖ പുറത്തിറക്കി. ഈ ആഹ്വാനമനുസരിച്ച് മെയ്ദിനത്തിൻനാൾ മറിയാബുർഗിലെ തൊഴിലാളികേന്ദ്രത്തിൽ വമ്പിച്ചൊരു സമ്മേളനം സംഘടിപ്പിക്കപ്പെട്ടു.

1933—ൽ ബോംബെ, കൽകത്ത, നാഗ്പൂർ, മദിരാശി എന്നിവിടങ്ങളിൽ മെയ്ദിനാഘോഷം നടന്നു. ആഘോഷത്തോടനുബന്ധിച്ച് നാഗ്പൂരിൽ രണ്ടായിരത്തോളം പേർ പങ്കെടുത്ത ഒരു യോഗമുണ്ടായി. പ്രസ്തുതയോഗം മീററ് തടവുകാരെയും എം എൻ റോയിയെയും വിട്ടയക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം അംഗീകരിച്ചു. മദ്രാസിലെ

ട്രേഡ്യൂണിയൻ കോൺഗ്രസ്സിൽ ചേർന്ന പൊതുയോഗത്തിൽ ശിങ്കാരവേലു ചെട്ടിയാർ അധ്യക്ഷനായിരുന്നു.

അധ്വാനഭാരം കുറക്കുക, വെട്ടിക്കുറച്ച കൂലി പുനഃസ്ഥാപിക്കുക, സംഘടനാസ്വാതന്ത്ര്യം അനുവദിക്കുക, ശിക്ഷണനടപടികൾ അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് 1934-ൽ ബോംബെ, ഷോലാപ്പൂർ എന്നിവിടങ്ങളിലെ ടെക്സ്റ്റൈൽ തൊഴിലാളികൾ ഒരു വമ്പിച്ച പൊതുപണിമുടക്ക് നടത്തി. തൊഴിലാളി പ്രസ്ഥാനത്തിനകത്തെ ഭിന്നിപ്പിനെത്തുടർന്ന് ഇടക്ക് അൽപം ദുർബലപ്പെട്ടുപോയ തൊഴിലാളിവർഗത്തിന്റെ ശക്തി വീണ്ടെടുക്കാൻ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് കഴിഞ്ഞെന്ന് ഈ പണിമുടക്ക് തെളിയിച്ചു.

അതോടെ ഗവൺമെൻറ് വീണ്ടും തൊഴിലാളി പ്രസ്ഥാനത്തിന് നേരെ ആഞ്ഞടിച്ചു. അടിയന്തരാധികാര നിയമമുപയോഗിച്ച് കമ്യൂണിസ്റ്റുകാരെ പിടിച്ച് തടങ്കലിൽ വെച്ചു. പാർടിയെ നിരോധിച്ചു. 12 ട്രേഡ് യൂണിയനുകളെ നിയമവിരുദ്ധമാക്കി. ഗവൺമെൻറ് അതിന്റെ എല്ലാ മർദനായുധങ്ങളും തൊഴിലാളി പ്രസ്ഥാനത്തിനുനേരെ തിരിച്ചു പായിച്ചു. ഈ വെല്ലുവിളികൾക്കും അടിച്ചമർത്തലുകൾക്കുമിടയിലും 1934 ലെ മെയ്ദിനാഘോഷം തൊഴിലാളികൾ മുടക്കിയില്ല. പലയിടത്തും ആ വർഷം മെയ്ദിനം കൊണ്ടാടി.

അക്കൊല്ലം കമ്യൂണിസ്റ്റ് പാർടിയുടെ കൽക്കത്ത കമ്മിറ്റി ഒരു ലഘുലേഖ വിതരണം ചെയ്തു. ആ ലഘുലേഖ ബി പി ടി യു സിയുടെ പേരിലായിരുന്നു. അതിന്റെ സെക്രട്ടറി സുധീർ പ്രമാണിക്കിനെ വിചാരണചെയ്ത് ഒരു മാസത്തേക്ക് ശിക്ഷിച്ചു. കൂടാതെ 100 രൂപ പിഴ അടക്കുകയോ അല്ലെങ്കിൽ ഒരു മാസം കൂടി തടവുശിക്ഷ അനുഭവിക്കുകയോ ചെയ്യണമെന്നുകൂടി വിധിച്ചു.

ലഘുലേഖയുമായി ബന്ധപ്പെടുത്തി ബങ്കിം മുഖർജിയേയും പ്രോസിക്യൂട്ട് ചെയ്തു: അദ്ദേഹത്തെ ആ വർഷം തന്നെ വിട്ടയക്കുകയും ചെയ്തു.

മെയ് ഒന്നാം തിയതി അവധിദിവസമായി പ്രഖ്യാപിക്കാത്തതിൽ പ്രതിഷേധിച്ച് 1934– ദില്ലി തുണിമില്ലിലെ തൊഴിലാളികൾ പണിമുടക്കി. ''മെയ് ദിനത്തിൽ ജോലി ചെയ്യില്ല'' എന്ന മുദ്രാവാക്യം അവരുയർത്തി. വൈകുന്നേരം അവർ ഒരു പൊതുയോഗവും നടത്തി.

1934–ൽ കറാച്ചിയിലും അമൃതസറിലും മെയ്ദിനാഘോഷം നടന്നു. മെയ്ദിനമാഘോഷിക്കുന്നതിന് അമൃതസറിലെ ജാലിയൻവാലാബാഗിൽ തൊഴിലാളികൾ വമ്പിച്ചൊരു റാലി സംഘടിപ്പിച്ചു. അനേകമായിരം ദേശാഭിമാനികളുടെ ചുടുചോര കുതിർന്ന ആ മണ്ണിൽ തൊഴിലാളികൾ ഒരു രക്തപതാക ഉയർത്തി. ആ സന്ദർഭത്തിൽ മൂന്നുപേരെ പൊലീസ് അറസ്റ്റുചെയ്തു. പൊലീസ് അടിച്ചേൽപിച്ച നിരോധനാജ്ഞ ലംഘിച്ചുകൊണ്ടാണ് കറാച്ചിയിൽ മെയ്ദിനം ആഘോഷിച്ചത്.

അടുത്ത വർഷമായപ്പോഴേക്കും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനകത്തെ ഐക്യം പുനഃസ്ഥാപിക്കുന്നതിൽ വമ്പിച്ച വിജയമുണ്ടായി. എ ഐ ടി യു സി യും റെഡ് ട്രേഡ് യൂണിയൻ കോൺഗ്രസും ഒന്നായിത്തീർന്നു. സാമ്രാജ്യത്വ വിരുദ്ധ ഐക്യമുന്നണി സ്ഥാപിക്കുന്നതിന് തൊഴിലാളി വർഗ ഐക്യം അത്യന്താപേക്ഷിതമാണെന്നതിന്റെ അടിസ്ഥാനത്തിൽ കമ്യൂണിസ്റ്റ് പാർടിയാണ് അതിന് മുൻകൈ എടുത്തത്. തദനന്തരം അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർടിയുമായി ചേർന്ന് ഐക്യമുന്നണിയുണ്ടാക്കി സാമ്രാജ്യത്വ വിരുദ്ധ മുന്നണിക്ക് ആഹ്വാനം ചെയ്തു. ആ വർഷവും രാജ്യത്തിൽ പലയിടത്തും മെയ്ദിനാചരണം നടന്നു. 1937 നു ശേഷം നാഷണൽ കോൺഗ്രസിലെ ഒരു വിഭാഗവും മെയ് ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ തുടങ്ങി. 1937, 38, 39 എന്നീ വർഷങ്ങളിൽ സംയുക്തമായിട്ടാണ് മെയ് ദിനാഘോഷം നടന്നത്.

1939–ൽ രണ്ടാംലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. യുദ്ധത്തിൽ ബ്രിട്ടീഷു ഗവൺമെൻറ് ഇന്ത്യയെക്കൂടി

പങ്കാളിയാക്കി. അതിൽപ്രതിഷേധിച്ച് തൊഴിലാളികൾ രംഗത്തിറങ്ങി. യുദ്ധത്തിന്റെ ഭാരം കൂടി തങ്ങളുടെ തലയിൽ വന്നു പതിച്ചപ്പോൾ തൊഴിലാളിസമരം വ്യാപകമായ തോതിൽ പൊട്ടിപ്പുറപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് 1939 40, 41 എന്നീ വർഷങ്ങളിൽ മെയ്ദിനം ആഘോഷിക്കപ്പെട്ടത്.

1941–ൽ ഹിറ്റ്ലറുടെ സൈന്യം സോവിയറ്റ് യൂണിയനെതിരെ തിരിഞ്ഞതോടെ യുദ്ധത്തിന്റെ സ്വഭാവത്തിനും മാറ്റം വന്നു. സോവിയറ്റ് യൂണിയനെ സംരക്ഷിക്കുക എന്നത് ലോക തൊഴിലാളി വർഗത്തിന്റെ മുഖ്യകടമയായിത്തീർന്നു. അതിനനുസരിച്ച് ഇന്ത്യയിലെ തൊഴിലാളികളും അവരുടെ രാഷ്ട്രീയ പാർടിയായ കമ്യൂണിസ്റ്റ് പാർടിയും തങ്ങളുടെ നിലപാടിൽ മാറ്റം വരുത്തി. അതോടെ കമ്യൂണിസ്റ്റ് പാർടിയുടെമേലുള്ള നിരോധനം ബ്രിട്ടീഷ് ഗവൺമെൻറ് നീക്കം ചെയ്തു. കമ്യൂണിസ്റ്റ്–ട്രേഡ് യൂണിയൻ നേതാക്കളെ വിട്ടയച്ചു. അതോടെ തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചു. ഈ അനുകൂല പരിത:സ്ഥിതിയിലാണ് 1942 ലും 43 ലും 44 ലും 45 ലും മെയ്ദിനം ഇന്ത്യയിൽ ആചരിക്കപ്പെട്ടത്.

യുദ്ധാനന്തരഘട്ടത്തിൽ വളരെ വ്യാപകമായ നിലയിലാണ് മെയ്ദിനാഘോഷം നടന്നത്. ആഘോഷപരിപാടികൾ പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിന്നില്ല. നാട്ടിൻപുറങ്ങളിലേക്ക് അത് വ്യാപിച്ചു. 1946-ൽ ബി പി ടി യു സിയുടെ നേതൃത്വത്തിൽ കൽക്കത്തയിൽ നടന്ന പടുകൂറ്റൻ മെയ്ദിനറാലിയിൽ ആർ പി ദത്ത് അധ്യക്ഷത വഹിച്ചു.

1947 ആഗസ്ത് 15ന് അധികാരക്കൈമാറ്റം നടന്നു. തുടർന് ജനാധിപത്യവിപ്ലവം പൂർത്തീകരിക്കുന്നതിനുപകരം ഭൂപ്രഭുക്കൾകുകൂടി ഭരണത്തിൽ പങ്കാളിത്തം നൽകിക്കൊണ്ട് മുതലാളിത്ത വികസന പാതയിലൂടെ രാജ്യത്തെ മുന്നോട്ടു നയിക്കുകയാണ് പുതിയ ഭരണാധികാരികൾ ചെയ്തത്. മാത്രല്ല, അവർ കമ്യൂണിസ്റ്റ് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനുനേരെ ആഞ്ഞടിക്കാനാരംഭിച്ചു.

സി പി ഐ യെയും അതുമായി ബന്ധപ്പെട്ട സംഘടനകളെയും അവർ നിരോധിച്ചു. നൂറുകണക്കിന് കമ്യൂണിസ്റ്റ് ട്രേഡ് യൂണിയൻ നേതാക്കളെ അറസ്റ്റുചെയ്തു തടവിലാക്കി. നിരവധി പേർ ഒളിവിൽപോകാൻ നിർബന്ധിതരായി. ഇത്തരം പ്രതികൂല സാഹചര്യങ്ങളൊക്കെയുണ്ടായിട്ടും മെയ്ദിനാഘോഷപരിപാടികളും തൊഴിലാളികളുടെ ഭംഗം വരുത്തിയില്ല. 1948-ൽ കൽകത്തയിൽ നടന്ന മെയ്ദിന റാലിയിൽ മുപ്പതിനായിരത്തിൽപരം പേർ പങ്കെടുത്തു. കോൺഗ്രസ് ഗവൺമെൻറിന്റെ മർദന നടപടികളെ ആ റാലി അപലപിച്ചു. 1957-ൽ അധികാരത്തിൽ വന്ന കേരളത്തിലെ കമ്യൂണിസ്റ്റ് ഗവൺമെൻറാണ് ഇന്ത്യയിലാദ്യമായി മെയ്ദിനം കൂലിയോടുകൂടിയ അവധിദിനമായി പ്രഖ്യാപിച്ചത്. 1967-ൽ പശ്ചിമ ബംഗാളിൽ അധികാരത്തിൽ വന്ന ഐക്യമുന്നണി ഗവൺമെൻറും പിന്നെയും ഒരു പത്തുവർഷത്തിനുശേഷം അധികാരത്തിൽ വന്ന ത്രിപുരയിലെ ഇടതുപക്ഷ മുന്നണി ഗവൺമെൻറും ആ മാതൃക പിന്തുടർന്നു.

PG Library & Research Center

മെയ്ദിനം

പി ജി, സി ഭാസ്കരൻ

ലോകതൊഴിലാളിവർഗത്തിന്റെ സാർവദേശീയ ദിനമാണ് മെയ്ദിനം. ലോകമെങ്ങും പൊരുതുന്ന തൊഴിലാളികൾ തങ്ങളുടെ ഐക്യദാർഢ്യദിനമായി ഈ ദിനം ആചരിച്ചുവരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തും ഈ ദിനാചരണത്തിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുകയാണ് ഈ ലഘുലേഖയിൽ പി ജിയും സി ഭാസ്കരനും. മെയ്ദിനത്തിന്റെ ഐതിഹാസിക പ്രാധാന്യം ഇതിൽ പ്രതിപാദിക്കപ്പെടുന്നു.